# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1205 03.12.2018 - ൽ മറുപടിക്ക്

## കോതമംഗലം മണ്ഡലത്തിലെ തങ്കളം-കാക്കനാട് റോഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിൽ 2016-17 വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തങ്കളം - കാക്കനാട് റോഡ് ch: 22/600 to 24/600 വരെ സ്ഥലം ഏറ്റെടുക്കൽ 30 കോടി രൂപ, 2017-18 ൽ തങ്കളം - കാക്കനാട് ch: 20/000 to 22/600 വരെ സ്ഥലം ഏറ്റെടുക്കൽ 37 കോടി രൂപ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) സർവ്വേ ചെയ്ത് കല്ലിടുന്നതിനുള്ള നടപടിക്രമങ്ങൾ നാട്ടുകാർ തടസ്സപ്പെടുത്തിയതിനാൽ ചെയിനേജ് 20/00 മുതല് 22/00 വരെയുള്ള ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ബാക്കി ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചു വരുന്നു. |
| (ബി) ഈ രണ്ട് പ്രവൃത്തികളുടെയും ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ഏത് ഏജൻസിയേയാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) സിനാർജി ആർക്കിടെക്റ്റ് ആന്റ് എഞ്ചിനീയേഴ്സ്, എം.എൻ.ആർ.എ 162 എ, മാവേലി നഗർ, ചങ്ങമ്പുഴ നഗർ പി.ഒ., കളമശ്ശേരി. കൊച്ചി - 682033 എന്ന ഏജൻസിയെയാണ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് തിരഞ്ഞെടുത്തിരിക്കുന്നത്. |
| (സി) പ്രസ്തുത ഏജൻസി ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ആരംഭിച്ചതെന്നും നിലവിലെ സ്ഥിതിയും എന്നത്തേക്ക് | (സി) ഉണ്ട്, 23-07-2018-ൽ ആരംഭിച്ചു.<br>തർക്കങ്ങൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടെ സഹായം |

| | | |
|---|---|---|
| | പൂർത്തിയാക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ; | അഭ്യർത്ഥിച്ചിട്ടുണ്ട്. 2019 ജനുവരി 31-ന് അകം പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |
| (ഡി) | ഇൻവെസ്റ്റിഗേഷൻ നടപടി വേഗത്തിൽ പൂർത്തീകരിച്ച് തുടർനടപടി വേഗത്തിലാക്കി പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ? | ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് DPR തയ്യാറാക്കി KIIFB യ്ക്ക് സമർപ്പിച്ച് DPR ന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ